REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-10-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.
- നവിമുംബൈയിലെ രാജ്യാന്തര വിമാനത്താവളത്തിന്റെ ആദ്യഘട്ടം മുംബൈയിൽ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.
- ഇന്ന് ദേശീയ വ്യോമസേന ദിനം.
- സംസ്ഥാന നിയമസഭയുടെ പതിനാലാം സമ്മേളനം തുടരുന്നു.
- സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- വനിതാലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ഇംഗ്ലണ്ട്, ബംഗ്ലാദേശിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ടെലികോം-സാങ്കേതിക സമ്മേളനമായ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ആഗോള ടെലികോം കമ്പനികൾ, സംരംഭകർ, നയരൂപകർത്താക്കൾ എന്നിവർ പങ്കെടുക്കും. നാല് ദിവസത്തെ പരിപാടി യശോ ഭൂമി കൺവെൻഷൻ സെന്ററിലാണ് സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും, നാളെയും മഹാരാഷ്ട്ര സന്ദർശിക്കും. നവിമുംബൈയിൽ പുതുതായി നിർമ്മിക്കുന്ന രാജ്യാന്തര വിമാനത്താവളത്തിന്റെ ആദ്യഘട്ടം അദ്ദേഹം നാടിന് സമർപ്പിക്കും. 19,650 കോടി രൂപ ചെലവിലാണ് ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നത്. 37,270 കോടി രൂപയുടെ മുംബൈ  മെട്രോലൈൻ -3 ഉം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. മുംബൈയിലെ പൂർത്തീകരിച്ച നിരവധി പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

നാളെ UK പ്രധാനമന്ത്രി കെയർ സ്റ്റാമറുമായി നരേന്ദ്രമോദി മുംബൈയിൽ കൂടിക്കാഴ്ചയും നടത്തും. കെയർ സ്റ്റാമർ  ആദ്യ ഔദ്യോഗിക സന്ദർശനത്തിന് ഇന്നാണ് ഇന്ത്യയിലെത്തുന്നത്.

✪✪✪

ഇന്ന് ദേശീയ വ്യോമസേന ദിനം. 1932 ഒക്ടോബർ 8-ന് ബ്രിട്ടീഷ് സൈന്യത്തിന്റെ സഹായ സേനയായി വ്യോമസേന സ്ഥാപിതമായതിനെ അനുസ്മരിച്ചാണ് ദിനാചരണം. രാഷ്ട്രപതി ദ്രൗപതി മുർമു 93-ാം വ്യോമസേനാ വാർഷികാഘോഷങ്ങളിൽ ഡൽഹിയിൽ പങ്കെടുക്കും.

അനിശ്ചിതത്വം നിറഞ്ഞ ആഗോള പരിതസ്ഥിതിയിൽ ദേശീയ സുരക്ഷയുടെ നിർണ്ണായക ശക്തിയായി ഉയരാൻ വ്യോമസേനയ്ക്ക് കഴിഞ്ഞതായി സേനാമേധാവി എയർ ചീഫ് മാർഷൽ അമർപ്രീത് സിംഗ് പറഞ്ഞു.

✪✪✪

സ്വച്ഛതാ കാമ്പയിനിൽ സാങ്കേതിക വിദ്യയ്ക്കൊപ്പം മാലിന്യത്തിൽ നിന്ന് സമ്പത്തിലേക്ക് എന്ന രീതിശാസ്ത്രവും ഉൾപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് ആഹ്വാനം ചെയ്തു. ന്യൂഡൽഹി എയിംസിൽ ലാബുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ചു സാങ്കേതിക വിദ്യകളിലൂടെ നിഷ്ക്രിയ വസ്തുക്കളാക്കുന്ന സംരംഭത്തെ കുറിച്ച് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

സ്വാശ്രയ സംരംഭങ്ങൾ ഇന്ത്യയെ ഇറക്കുമതി ആശ്രയിക്കാതെ തദ്ദേശീയ ഉൽപ്പന്നങ്ങൾ സൃഷ്ടിയ്ക്കുന്ന രാജ്യമാക്കി മാറ്റുമെന്നും ജിതേന്ദ്രസിംഗ് അഭിപ്രായപ്പെട്ടു.ഈ മാസം രണ്ടുമുതൽ മുപ്പതു വരെയാണ് കേന്ദ്രമന്ത്രാലയങ്ങളിലും വിവിധ വകുപ്പുകളിലും ശുചിത്വത്തിനും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനും സ്വച്ഛതാ ക്യാമ്പയിൻ ആചരിക്കുന്നത്.

✪✪✪

രാജ്യവ്യാപകമായി സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന നൂതനാശയ പ്രോത്സാഹന പരിപാടി 'വികസിത് ഭാരത് ബിൽഡത്തൺ 2025' രജിസ്ട്രേഷൻ, വിദ്യാഭ്യാസ മന്ത്രാലയം ഈ മാസം 11 വരെ നീട്ടി. അടൽ ഇന്നൊവേഷൻ മിഷൻ, നീതി ആയോഗ് എന്നിവയുമായി ചേർന്നാണ് സംരംഭം. വിക്സിത് ഭാരത് @2047 എന്ന ദർശനത്തിലേക്ക് ചരിത്രപരമായ ചുവടുവയ്പ്പു കൂടിയാണിത്.

എൻട്രികൾ ദേശീയ വിദഗ്ദ്ധ പാനൽ വിലയിരുത്തും, മികച്ച ടീമുകൾക്ക് ഒരു കോടി രൂപയുടെ സമ്മാനങ്ങൾ നൽകും. വിജയികളായ സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും അവരുടെ നൂതനാശയങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് കോർപ്പറേറ്റ് ദത്തെടുക്കൽ, മെന്റർഷിപ്പ്, വിഭവങ്ങൾ എന്നിവയിലൂടെ ദീർഘകാല പിന്തുണ ലഭിക്കും.

✪✪✪

സംസ്ഥാന നിയമസഭയുടെ പതിനാലാം സമ്മേളനം തുടരുന്നു. ഇന്ന്, കൊച്ചി മെട്രോ നീട്ടേണ്ടതിന്റെയും, തിരുവനന്തപുരം, കോഴിക്കോട് മെട്രോ റയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിന്റെയും ആവശ്യകതയിൽ P.V ശ്രീനിജൻ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

മെസ്സി അടക്കം അർജന്റീന ടീം കേരളത്തിൽ എത്തുമ്പോൾ സുരക്ഷ ഒരുക്കുന്നതിനും, കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി സജ്ജീകരിക്കുന്നതിനും ഉമ തോമസും ശ്രദ്ധ ക്ഷണിക്കും.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2025 ലെ കേരള വന ഭേദഗതി ബിൽ, 2025 ലെ വന്യ ജീവി സംരക്ഷണ ഭേദഗതി ബിൽ, 2025 ലെ കേരള മുൻസിപ്പാലിറ്റി ഭേദഗതി ബിൽ, 2025 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ബിൽ എന്നിവയും ഇന്ന് സഭയുടെ പരിഗണനയ്ക്കു വരും.

ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ വസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾപ്പെടെ ഏതാനും റിപ്പോർട്ടുകളും ഇന്ന് സഭയിൽ സമർപ്പിക്കും.

✪✪✪

**PM വികാസ് യോജനയ്ക്ക് കീഴിൽ പാലക്കാട് IIT യ്ക്ക് അനുവദിച്ച പദ്ധതികളുടെ ധാരണാപത്രം ഇന്ന് ഒപ്പുവയ്ക്കും. ന്യൂനപക്ഷ മന്ത്രാലയവും IIT പാലക്കാടും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ അധ്യക്ഷനാകും. കൊച്ചി സിഫ്നെറ്റിൽ ഫിഷിങ്ങ് ടെക്നോളജി പ്രദർശന ഹാൾ, സ്മാർട്ട് ക്ലാസ് റൂം എന്നിവ നാളെ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.**

✪✪✪

**ശബരിമല സ്വർണ്ണ മോഷണങ്ങളിൽ പ്രതിഷേധിച്ച് BJP രാവിലെ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലേക്ക് പ്രതിഷേധ മാർച്ച് നടത്തും. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. സ്വർണ മോഷണത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മൗനം ദുരൂഹമാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി കുറ്റപ്പെടുത്തി. വിഷയത്തിൽ നാളെ BJP കളക്ട്രേറ്റ് മാർച്ചുകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.**

✪✪✪

**ഡിസംബറിലെ UGC നെറ്റ് യോഗ്യതാ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. നവംബർ ഏഴു വരെ രജിസ്ട്രേഷൻ നടത്താം. തിരുത്തലുകൾക്ക് 12 വരെ സമയം നൽകും. 85 വിഷയങ്ങളിലാണ് നെറ്റ് പരീക്ഷ നടത്തുന്നത്.**

✪✪✪

**സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നീ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.**

**കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മീൻപിടുത്തതിന് വിലക്കേർപ്പെടുത്തി.**

✪✪✪

**കോഴിക്കോട് പേരാമ്പ്രയിൽ ഗവ. പോളിടെക്നിക് ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മന്ത്രി ഡോ. R ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. കോളേജ്**

സ്ഥാപിക്കുന്ന ചങ്ങരോത്ത് പഞ്ചായത്തിലെ കല്ലൂർ ഈ മാസം അവസാനം മന്ത്രി സന്ദർശിക്കും. അടുത്ത വർഷം വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂളിൽ താൽക്കാലികമായി ക്ലാസ് ആരംഭിക്കാനും ധാരണയായി.

✪✪✪

തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വന്യജീവി വാരാഘോഷത്തിന്റെ സമാപന സമ്മേളനം മന്ത്രി J. ചിഞ്ചുറാണി വൈകിട്ട് ഉദ്ഘാടനം ചെയ്യും. ഈ മാസം രണ്ടിന് ആരംഭിച്ച വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

കാഞ്ചിപുരത്തെ ശ്രീശൻ ഫാർമസ്യൂട്ടിക്കൽസിന്റെ ലൈസൻസ് തമിഴ്നാട് ഡ്രഗ്സ് കൺട്രോളർ റദ്ദാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ, ഈ കമ്പനിയുടെ എല്ലാ മരുന്നുകളുടെയും വിതരണം കേരളത്തിൽ നിർത്തിവച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഗുജറാത്തിലെ റെഡ്-നക്സ് ഫാർമസ്യൂട്ടിക്കൽസിന്റെ റെസ്പി-ഫ്രഷ് എന്ന മരുന്നിന്റെ വിതരണവും നിരോധിച്ചു.

✪✪✪

കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് വിവിധ മേഖലകളിൽ ശാസ്ത്രീയ മാർഗങ്ങൾ പിൻതുടരണമെന്ന് നിയമസഭാ സ്പീക്കർ A.N ഷംസീർ നിർദ്ദേശിച്ചു. സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ പുരസ്കാര ദാന ചടങ്ങ് നിയമസഭയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അവാർഡ് ജേതാക്കൾക്ക് സ്പീക്കർ പുരസ്കാരങ്ങളും സമ്മാനിച്ചു.

✪✪✪

വനിതാലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ഇംഗ്ലണ്ട്, ബംഗ്ലാദേശിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു. ഗോഹട്ടിയിലെ ബർസാപാഡ സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ്, 49.4 ഓവറിൽ 178 റൺസിന് പുറത്തായി. ഇംഗ്ലണ്ട് 46.1 ഓവറിൽ ആറ് വിക്കറ്റിന് വിജയലക്ഷ്യം മറികടന്നു. ഇതോടെ ഇംഗ്ലണ്ട് പോയിന്റ് പട്ടികയിൽ നാല് പോയിന്റുമായി ഒന്നാം സ്ഥാനത്തെത്തി.

ഇന്ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ, പാകിസ്ഥാനെ നേരിടും.

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ സെപ്റ്റംബറിലെ 'പ്ലെയർ ഓഫ് ദ മന്ത്' അവാർഡിന് ഇന്ത്യയുടെ അഭിഷേക് ശർമ്മയെയും, കുൽദീപ് യാദവിനെയും നാമനിർദ്ദേശം ചെയ്തു. ഏഷ്യാകപ്പിലെ മികച്ച പ്രകടനം മുൻനിർത്തിയാണിത്. വനിതാവിഭാഗത്തിൽ ഇന്ത്യയുടെ സ്മൃതി മന്ദാനയ്ക്ക് നോമിനേഷൻ ലഭിച്ചു.

✪✪✪

സീനിയർ വിമൻസ് ടി-20 ട്രോഫി ക്രിക്കറ്റിന് ഇന്ന് പഞ്ചാബിൽ തുടക്കമാകും. ഒക്ടോബർ 19 വരെയാണ് കേരളത്തിന്റെ മത്സരങ്ങൾ. ഉത്തർപ്രദേശുമായാണ് കേരളത്തിന്റെ ആദ്യ മത്സരം. ഇന്ത്യൻ ടീമംഗങ്ങളായ സജന സജീവനും, ആശ S ഉം ടീമിലുണ്ട്. സജനയാണ് ടീം ക്യാപ്റ്റൻ.

✪✪✪

കോഴിക്കോട്ടെ മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് നവീകരണ പദ്ധതിയിൽ മലാപ്പറമ്പ്-വെള്ളിമാടുകുന്ന് റീച്ചും ഉൾപ്പെടുത്താൻ കേന്ദ്രാനുമതി ലഭിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. മലാപ്പറമ്പ്-മുത്തങ്ങ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ നേരത്തെ നവീകരണത്തിന് അനുമതി ലഭിച്ചിരുന്നില്ല.

✪✪✪

കോഴിക്കോട് ആകാശവാണി ഗാന രചയിതാവും, കവിയും, നാടകകൃത്തുമായ കൂമ്പാറ ബേബി നിര്യാതനായി. 68 വയസ്സായിരുന്നു. നിരവധി പ്രൊഫഷണൽ നാടക സമിതികൾക്ക് ഗാനങ്ങൾ എഴുതി. നൂറിലേറെ ക്രൈസ്തവ ഭക്തിഗാനങ്ങളും, ലളിതഗാനങ്ങളും രചിച്ച അദ്ദേഹം ഒട്ടേറെ അവാർഡുകൾക്കും അർഹനായിട്ടുണ്ട്.

✪✪✪

ആറ്റിങ്ങലിൽ കൊടുമൺ സ്വദേശിയായ മധ്യവയസ്കന് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ഇയാൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ആറ്റിങ്ങൽ നഗരസഭ ആരോഗ്യ വിഭാഗം അടിയന്തരയോഗം വിളിച്ചിട്ടുണ്ട്.

✪✪✪

ദക്ഷിണ റെയിൽവെയുടെ 70-ാം റെയിൽവെ വാരാചരണത്തിൽ തിരുവനന്തപുരം ഡിവിഷൻ പ്രവർത്തനമികവിന് ആറ് ഷീൽഡുകളും,

15 വ്യക്തിഗത അവാർഡുകളും നേടി. ചെന്നൈയിലെ ചടങ്ങിൽ ദക്ഷിണ റെയിൽവെ ജനറൽ മാനേജരിൽ നിന്ന് തിരുവനന്തപുരം ഡിവിഷണൽ റെയിൽവെ മാനേജർ ദിവ്യകാന്ത് ചന്ദ്രശേഖർ ഓവറോൾ എഫിഷ്യൻസി ഷീൽഡ് ഏറ്റുവാങ്ങി.

✪✪✪

തിരൂർ മലയാള സർവകലാശാല സാഹിത്യ പഠന സ്കൂൾ സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ 'ബഹുസ്വരം 2025' അന്താരാഷ്ട്ര സാഹിത്യ സെമിനാർ എഴുത്തുകാരൻ അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്തു. നോവലിസ്റ്റ് TD രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. രണ്ടാമത് ബഹുസ്വരം കവിതാ പുരസ്കാരം ചടങ്ങിൽ ആദി ഏറ്റുവാങ്ങി.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO : ഷീബ*